**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – 2020-21 - വികസന ഫണ്ട് - കൊല്ലം ഉപ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പേരിലുള്ള എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്നും സർക്കാർ മുതൽക്കൂട്ടിയ തുക തിരികെ കൈമാറുന്നതിന് കൊല്ലം ജില്ലാ പഞ്ചായത്തിന് അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം.6528/2020/ധന. തീയതി, തിരുവനന്തപുരം, 11 നവംബർ, 2020

---

പരാമർശം : 1) സ.ഉ.(അ) നം.156/2017/ധന തീയതി 14/12/2017
2) 05/06/2020 ലെ ഇ 3/19692/2019 നമ്പർ കത്ത്
3) സ.ഉ.(സാധാ) നം.4791/2020/ധന തീയതി 19/08/2020

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2016-17-ലെ പദ്ധതിയായ "ഗവ.ഹൈസ്കൂൾ/ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് കമ്പ്യൂട്ടർ നൽകൽ" -പദ്ധതിക്കായി "3604-00-200-86-03-35-General Sector District Panchayats - NP-V" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച തുകയിൽ നിന്നും കെൽട്രോണിനു നൽകുവാൻ വേണ്ടി കൊല്ലം ജില്ലാ പഞ്ചായത്ത് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പേരിൽ കൊല്ലം ജില്ലാ ട്രഷറിയിലുള്ള STSB(703011400000097) അക്കൗണ്ടിൽ നിക്ഷേപിച്ച 59,85,660/-രൂപ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാരിലേക്ക് മുതൽക്കൂട്ടിയെന്നും ഇതിനാൽ കെൽട്രോണിനു നൽകുവാനുള്ള തുക നാളിതുവരെ നൽകുവാൻ കഴിഞ്ഞിട്ടില്ല എന്നും പരാമർശം (2) പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2) കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പേരിൽ കൊല്ലം ജില്ലാ ട്രഷറിയിലുള്ള അക്കൗണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുക തിരികെ ലഭ്യമാക്കുന്നതിലേക്കായി "3604-00-200-86-03-35-General Sector District Panchayats - NP-V" എന്ന ശീർഷകത്തിൽ അധിക ധനാനുമതി പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2016-17 ൽ കൊല്ലം ജില്ലാ പഞ്ചായത്തിന് വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിൽ അനുവദിച്ച തുകയിൽ നിന്ന് കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ പേരിലുള്ള എസ്.റ്റി.എസ്.ബി അക്കൌണ്ടിലേക്ക് നിക്ഷേപിച്ച 59,85,660/- രൂപ (അൻപത്തി ഒൻപത് ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുന്നൂറ്റി അറുപത് രൂപ മാത്രം) കൊല്ലം ജില്ലാ പഞ്ചായത്തിന്റെ (D020000) വികസന ഫണ്ടിന്റെ '3604-00-200-86-(03)-35' എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകുന്നു. കെൽട്രോണിന് നൽകുന്നതിനായി കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് ടി തുക കൈമാറാൻ കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താക്കൾ :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പ് (GEDN-P2/104/2018-G.EDN അ.ഫയൽ)
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (E- 1270765)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.